2. പട്ടികവർഗ്ഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രാക്തന ഗോത്രവർക്കാരുടെ (PTG's) സമഗ്ര വികസനത്തിന് 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ലഭ്യമായ 148 കോടി രൂപ ഉപയോഗപ്പെടുത്തി വരുന്ന 4 വർഷങ്ങളിലായി പ്രസ്തുത വിഭാഗക്കാരുടെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

3. വനാവകാശ നിയമ പ്രകാരവും അല്ലാതെയും ഭൂമി നൽകിയ മുഴുവൻ പട്ടികവർഗ്ഗക്കാരുടേയും സുസ്ഥിര വികസിനത്തിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

4. നിലവിലുള്ള മുഴുവൻ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു.

5. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് സ്ഥിരമായ പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

6. പി.എസ്.സി./പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുള്ള പൊതു പരീക്ഷയ്ക്കായി സ്ഥിരം പരിശീലന പരിപാടികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

7. നിലവിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളാകെ ശാസ്ത്രീയമായി സംയോജിപ്പിച്ചും പുനഃസംഘടിപ്പിച്ചും ആധുനിക കാലഘട്ടത്തിനനുയോജ്യമായി തൊഴിൽ നേടുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനുള്ള ബൃഹത് പരിപാടിയും ആലോചിച്ചുവരുന്നു.

കുടിവെള്ള പദ്ധതി

100(2352) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി.പി. സ്കീമനുസരിച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ഫണ്ട് എവിടെ നിന്നാണ് ലഭിക്കുന്നത് ;

(സി) അത് വിനിയോഗിക്കുന്നതിനുള്ള ഏജൻസി ഏതെന്ന് വ്യക്തമാക്കുമോ ;

(ഡി) പട്ടികജാതിക്കാർക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതികൾ സാങ്കേതികത്വത്തിന്റെ പേരിൽ നടപ്പാക്കാതിരിക്കുന്നതായി കൊല്ലം ജില്ലയിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എസ്. സി. പി. സ്കീമനുസരിച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. ഗുണഭോക്താക്കൾ 51%-ൽ അധികം പട്ടികജാതിക്കാരായിരിക്കണം
2. കുടിവെള്ള പദ്ധതി നടപ്പിലാക്കുമ്പോൾ കുറഞ്ഞത് 5 പട്ടികജാതി കുടുംബങ്ങളെങ്കിലും ഗുണഭോക്താക്കളായിരിക്കണം.
3. എസ്.സി.പി. ഫണ്ട് വിനിയോഗത്തിനുള്ള മറ്റു മാനദണ്ഡങ്ങൾ ഇതിന് ബാധകമാണ്.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ പൂൾഡ് ഫണ്ട്, ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ത്രിതല പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള എസ്.സി.പി. ഫണ്ടിൽ ഉൾപ്പെടുത്തിയും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(സി) സാധാരണഗതിയിൽ കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേനയും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനു പുറമേ ഗുണഭോക്തൃ കമ്മിറ്റിയുടെ മേൽനോട്ടത്തിലും പദ്ധതികൾ നടപ്പിലാക്കാറുണ്ട്.

(ഡി) ഇത്തരത്തിൽ പരാതികൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികസമുദായ വകുപ്പിൻകീഴിൽ പ്രൊഫഷണൽ കോളേജുകളും ഫിനിഷിംഗ് സ്കൂളുകളും ആരംഭിക്കുന്നതിന് നടപടി

101(2353) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികസമുദായ വകുപ്പിൻകീഴിൽ ആധുനിക പ്രൊഫഷണൽ കോളേജുകളും ഫിനിഷിംഗ് സ്കൂളുകളും ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരം സംരംഭങ്ങൾ ആരംഭിക്കുവാൻ സന്നദ്ധരാകുന്ന പട്ടിക സമുദായ സംഘടനകൾക്ക് എന്തെല്ലാം സൗകര്യങ്ങളും പ്രോത്സാഹനങ്ങളും നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly